(സി) മേൽ ഉത്തരം 'ബി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ അന്വേഷണം നിർത്തിവച്ചിട്ടുള്ളതാകുന്നു.

(ഇ) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മേൽ ഉത്തരം 'ഡി' യുടെയും 'ഇ' യുടെയും അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ഡ്രൈവർമാർക്ക് ഹയർഗ്രേഡ്

44 [2474] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡ്രൈവർമാർക്ക് 15 വർഷം സർവ്വീസ് പൂർത്തിയാകുന്ന മുറയ്ക്ക് ഹയർഗ്രേഡ് നൽകിവരുന്നത് നിർത്തലാക്കിയത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിർത്തലാക്കാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ഡി) ഇതുസംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 7, 17, 25 എന്നീ വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാന പോലീസിലെ ഡ്രൈവർമാർക്ക് ഹയർ ഗ്രേഡ് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ 19-4-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 238/02/122/ ഫിൻ. പ്രകാരം 10, 18, 23 വർഷം എന്നാക്കിമാറ്റിയിട്ടുണ്ട്. ഇത് നിലവിലുള്ള ഗ്രേഡ് അനുവദിക്കാനുള്ള പൊതുതത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ചെയ്തത്.

(സി) & (ഡി) പരിശോധിച്ചുവരുന്നു.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

45 [2475]*ശ്രീ. സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയോര കുടിയേറ്റ മേഖല എന്നതും, വയനാടൻ ചുരം തുടങ്ങുന്ന ഭാഗം എന്നതും കണക്കിലെടുത്ത് ഈ ആവശ്യത്തിന് പരിഗണന നൽകുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) അടിവാരത്ത് എന്നത്തേക്ക് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സർക്കാർ അംഗീകരിച്ചിട്ടുള്ള, പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ 16-ാമതായി അടിവാരം എന്ന സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാലിസ്റ്റ് പ്രകാരം പോലീസ് ഡയറക്ടർ ജനറലിൽ നിന്ന് വിശദമായ പ്രൊപ്പോസലുകൾ ലഭിച്ചശേഷം അവ പരിശോധിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

ഏലത്തൂർ പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

46 [2476] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ അതിർത്തി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും ഉൾപ്പെടുന്ന ഏലത്തൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ധാരാളം കേസുകൾ കൈകാര്യം ചെയ്യേണ്ടി വരുന്നുണ്ട് എന്നത് കണക്കിലെടുത്ത് പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ അയച്ചുതരാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം ഒരു നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly